**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1805** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിക്കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസുകളെല്ലാം പുനരാരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കോവിഡ് പ്രതിസന്ധി കാലത്ത് നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യങ്ങളിൽ നിന്നുപോയതും യാത്രാവശ്യം കുറവായി നിന്നുപോയതും നിലവിൽ യാത്രാവശ്യം വന്നതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. എന്നാൽ നഷ്ടത്തിൽ നിന്നുപോയ സർവ്വീസുകൾ ഗ്രാമവണ്ടി പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മാത്രമേ ആരംഭിക്കുവാൻ നിലവിലെ സാമ്പത്തികസ്ഥിതിയിൽ കഴിയുകയുള്ളൂ. |
| (ബി) | മേപ്പയ്യൂർ-പള്ളിക്കര-കോഴിക്കോട് മെഡിക്കൽ കോളേജ് ബസ് സർവ്വീസ് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു. ഇത്തരത്തിൽ ഡ്യൂട്ടികൾ ക്രമീകരിക്കുമ്പോൾ ജീവനക്കാരെ പുനർവിന്യസിക്കുകയും തദ്വാര ലാഭകരവും ജനോപകാരപ്രദവുമായ പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ